**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1693** **08-02-2023 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കിത്തീർക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ.ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ.കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. കമ്മീഷനുകൾ അവരുടെ റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്<br><br>ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculam Committee for Higher Education) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>നടപ്പിലാക്കിയ / നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ:<br><br>1. കരിക്കുലം പരിഷ്ക്കാരം :- 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് (കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്) രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചു.<br><br>2. പുതുതലമുറ കോഴ്സുകൾ :- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾക്ക് |

| | | | |
|---|---|---|---|
| | | | ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിച്ചു. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ ആരംഭിച്ചു.<br><br>3. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>4. മറ്റു പ്രധാന പദ്ധതികൾ:<br>• കേരള അക്കാദമിക് ലൈബ്രറി നെററ് വർക്ക് (കാൽനെറ്റ്)<br>• ഇ-ജേർണൽ കൺസോർഷ്യം<br>• ഡിജികോൾ<br>• ഓൺലൈൻ ഡിജിറ്റൽ ശേഖരം<br>• കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)<br>• അദ്ധ്യാപക പരിശീലന പദ്ധതി<br>• സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SACC)<br>• ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)<br>• എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം<br>• ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് |
| (ബി) | സർവകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യവികസനത്തിന് പ്രത്യേകം ഊന്നൽ നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേകം ഊന്നൽ നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി സർവ്വകലാശാലകളിലും കോളേജുകളിലും സ്റ്റേറ്റ് പ്ലാൻ ഗ്രാന്റ്, KIIFB, RUSA ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ, 2022-23 ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പുതിയ ഡൊമസ്റ്റിക്, ഇന്റർനാഷണൽ ഹോസ്റ്റലുകൾ, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ എന്നീ പദ്ധതികളും സർവ്വകലാശാലകളിൽ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത കോഴ്സിനാവശ്യമായ കേന്ദ്രീകൃത പാഠ്യപദ്ധതിയും | (സി) | ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ |

| | | | |
|---|---|---|---|
| | അടിസ്ഥാന സൗകര്യവും തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | | തയ്യാറാക്കുന്നതിനുമായി സർക്കാർ പ്രൊഫ.സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculam Committee for Higher Education) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>4 വർഷ ബിരുദ കോഴ്സുകളുടെ പാഠ്യപദ്ധതി ചട്ടക്കൂട് മാത്രമാണ് പ്രൊഫ.സുരേഷ് ദാസ് അദ്ധ്യക്ഷനായ കമ്മിറ്റി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്നത്. പാഠ്യപദ്ധതിയുടെ ഭാഗമായി സിലബസ്സും മറ്റും അതത് സർവ്വകലാശാലകളാണ് തയ്യാറാക്കേണ്ടത്. ഇത് നടപ്പിലാക്കാനാവശ്യമായ അക്കാദമിക പശ്ചാത്തലം ഒരുക്കേണ്ടതും സർവ്വകലാശാലകളാണ്. |

സെക്ഷൻ ഓഫീസർ